## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3762 — 20.07.2015ൽ മറുപടിയ്ക്ക്

## ഹയർ സെക്കന്ററി തുല്യതാ കോഴ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹിദ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (ബി) | പത്താംതരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടുപോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, തൊഴിൽ/സംരഭകത്വശേഷി പഠിതാക്കളിൽ വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവയാണ് ഹയർ സെക്കന്ററി തുല്യതാ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; | (സി) | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന എസ്.സി.ഇ.ആർ.ടി, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠന ക്ലാസുകൾ (ബ്രിഡ്ജ് കോഴ്സ്) ആരംഭിക്കുകയും പഠന സാമഗ്രികൾ തയ്യാറാക്കി അച്ചടിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ